ഇ6-2378/19

നഗരകാര്യ ഡയറക്ടറേറ്റ്
സ്വരാജ് ഭവൻ, നന്തൻകോട്
തിരുവനന്തപുരം
തീയതി : 28/05/2019
ഫോൺ: 0471-2318896
E mail ID duatvpm @gmail.com

പ്രേഷകൻ
നഗരകാര്യ ഡയറക്ടർ

സ്വീകർത്താവ്
എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും

സർ,

വിഷയം: നഗരകാര്യ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ് 2019-20 വർഷത്തെ പൊതുസ്ഥലംമാറ്റം-കരട് ക്യൂ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത്-സംബന്ധിച്ച്

സൂചന:
1. സർക്കാരിന്റെ 25.02.2017 ലെ സ.ഉ(പി) 03/2017/ഉ.ഭ.പ.വ നമ്പർ ഉത്തരവ്
2. നഗരകാര്യ ഡയറക്ടറുടെ 4.2.2019 ലെ ഇതേ നമ്പർ സർക്കുലർ

***********

കേരള മുനിസിപ്പൽ കോമൺ സർവ്വീസിലെ വിവിധ തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ പൊതുസ്ഥലംമാറ്റത്തിനായി ഓൺലൈനായി അപേക്ഷ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് താഴെപറയുന്ന തസ്തികകളിലെ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റത്തിനുള്ള കരട് ക്യൂ ലിസ്റ്റ് ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു. പ്രസ്തുത ക്യൂ ലിസ്റ്റ് https://hr.lsgkerala.gov.in എന്ന ലിങ്കിലും, നഗരകാര്യ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലും (www.urbanaffairskerala.org) ലഭ്യമാണ്.

1. ഡെപ്യൂട്ടി സെക്രട്ടറി
2. പി.എ/ആർ.ഒ/സി.എസ്/എ.ഒ
3. റവന്യൂ ഓഫീസർ ഗ്രേഡ് II
4. സൂപ്രണ്ട്
5. ഹെഡ് ക്ലർക്ക് /റവന്യൂ ഇൻസ്പെക്ടർ
6. സീനിയർ ക്ലർക്ക്

7. ഫെയർകോപ്പി സൂപ്രണ്ട്
8. ഹെൽത്ത് സൂപ്പർവൈസർ
9. ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I
10. ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II
11. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I
12. ഡ്രൈവർ

ഹോം സ്റ്റേഷനിലെ സേവനകാലയളവും ജീവനക്കാർ സേവനമനുഷ്ഠിച്ചിരുന്നതും എന്നാൽ 2019-20 പൊതു സ്ഥലംമാറ്റത്തിൽ വീണ്ടും സ്ഥലംമാറ്റം ആവശ്യപ്പെടുകയും ചെയ്യുന്ന സ്റ്റേഷനുകളിലെ സേവനകാലയളവും (ആ സ്റ്റേഷനിലേയ്ക്കുള്ള സ്ഥലംമാറ്റത്തിന്) പൂർണ്ണമായും ഒഴിവാക്കിയാണ് Outstation Seniority കണക്കാക്കിയിട്ടുള്ളത്. 28.2.2021 തീയതി വരെ റിട്ടയർ ചെയ്യുന്ന ജീവനക്കാർക്കാണ് നോംസ് പ്രകാരമുള്ള റിട്ടയർമെന്റ് പരിരക്ഷ നൽകിയിട്ടുള്ളത്.

കരട് ക്യൂ ലിസ്റ്റിൻമേൽ ആക്ഷേപമുള്ളവർ തങ്ങളുടെ ആക്ഷേപം വസ്തുനിഷ്ഠമായും ആവശ്യമുള്ളപക്ഷം ബന്ധപ്പെട്ട രേഖകൾ സഹിതവും 05.06.2019 നകം https://hr.lsgkerala.gov.in എന്ന ലിങ്ക് വഴി ഓൺലൈനായാണ് സമർപ്പിക്കേണ്ടത്. ജീവനക്കാർക്ക് ഓൺലൈൻവഴി ഇന്ന് മുതൽ 05.06.2019 വരെ ആക്ഷേപങ്ങൾ സമർപ്പിക്കാവുന്നതാണ്.

വിശ്വസ്തതയോടെ

ബി.കെ.ബാലരാജ്
ജോയിന്റ് ഡയറക്ടർ(ഭരണം)
നഗരകാര്യ ഡയറക്ടർ(ഇൻ ചാർജ്ജ്)

വി.എസ്.ആർ